# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1903

16.06.2014-ലെ മറുപടിക്ക്

### തിരുവനന്തപുരം ജില്ലയിലെ ജയിൽ വാർഡർമാരുടെ നിയമനം

ചോദ്യം

മറുപടി

ശ്രീ.വി.പി.സജീന്ദ്രൻ

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) തിരുവനന്തപുരം ജില്ലയിലെ ജയിൽ വാർഡർമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. 17.2.2014, 10.03.2014 എന്നീ തീയതികളിൽ യഥാക്രമം ഡി.റ്റി.ജി.(1)5044/11, ഡി.റ്റി.ജി.(1)5641/11 എന്നീ നോട്ടിഫിക്കേഷനുകൾ പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മെയിൽ വാർഡർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ; | ബി) | 194 പേരെ നിയമിച്ചിട്ടുണ്ട്. |
| സി) നിലവിൽ വാർഡർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | സി) | തിരുവനന്തപുരം മേഖലയിൽ 27 വാർഡർമാരുടെ ഒഴിവുകൾ നിലിവിലുണ്ട്. |
| ഡി) ബാക്കിയുള്ള വാർഡർമാരുടെ ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻപേരെയും നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) | തിരുവനന്തപുരം യൂണിറ്റിൽ നിലവിൽ 27 ഒഴിവുകൾ ഉള്ളതിൽ 23 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ